# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5365 — 23-05-2017 ൽ മറുപടിയ്ക്ക്

## തീരദേശ തുറമുഖങ്ങളെ ബന്ധിപ്പിച്ച് യാത്രാ ബോട്ടുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എം.വിൻസെന്റ് | :<br>:<br>:<br>: | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ തീരദേശ തുറമുഖങ്ങളെ ബന്ധിപ്പിച്ച് യാത്രാ ബോട്ടുകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) എങ്കിൽ ഏതൊക്കെ തുറമുഖങ്ങളെ ബന്ധിപ്പിച്ചാണ് യാത്രാബോട്ടുകൾ സർവ്വീസ് നടത്തുകയെന്ന് വിശദീകരിക്കുമോ ; | (എ) യും (ബി) യും | തീരദേശകപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി കേരള തീരത്തുള്ള തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് അതിവേഗ യാത്രാ ബോട്ടുകൾ സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വിഴിഞ്ഞം - കന്യാകുമാരി, കൊച്ചി - തിരുവനന്തപുരം, കൊച്ചി-കോഴിക്കോട് എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാ ബോട്ടുകൾ സർവ്വീസ് നടത്തുന്നതിനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്. ഇതിൽ കൊച്ചി-കോഴിക്കോട് മേഖലയിൽ സർവ്വീസ് നടത്താനുള്ള വിദേശ നിർമ്മിത ജലയാനങ്ങളുടെ പരിശോധനകൾ അന്തിമ ഘട്ടത്തിലാണ്. |
| (സി) ബോട്ട് സർവ്വീസ് നടത്തുന്നതിന് ഏത് ഏജൻസിയെയാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) | PPP വ്യവസ്ഥയിൽ സ്വകാര്യ പങ്കാളികൾ മുഖാന്തിരം പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഭൗതിക സാഹചര്യം ഒരുക്കി നൽകേണ്ടത് സർക്കാരാണ്. |
| (ഡി) വിനോദ സഞ്ചാര മേഖലയ്ക്ക് ഊന്നൽ നൽകി ഈ പദ്ധതി നടപ്പാക്കുമോ ; വിശദമാക്കുമോ? | (ഡി) | വിനോദ സഞ്ചാര മേഖലക്ക് ഊന്നൽ നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. വിഴിഞ്ഞം - കന്യാകുമാരി, കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട് എന്നിവ വിനോദ സഞ്ചാരികളെ ലക്ഷ്യം വച്ചുള്ളതാണ്. കേരളത്തിന്റെ ബീച്ചുകളെ തീരദേശ വിനോദ സഞ്ചാര കേന്ദ്രങ്ങളായി വളർത്തുന്നതിന് ആലപ്പുഴയിൽ ഒരു മറീന സ്ഥാപിക്കുന്നതിനും മറ്റിടങ്ങളിൽ Water Sports സംവിധാനം സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ